(എ) ഈ വർഷത്തെ പദ്ധതികൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സമയം ലഭിക്കുന്നതിന് സാദ്ധ്യത ഉണ്ടോ;

(ബി) എങ്കിൽ എന്തുമാത്രം സമയം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയുടെ പദ്ധതികൾ ജില്ലാ പ്ലാനിംഗ് കമ്മീഷന് അയച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എത്ര ശതമാനം ഗ്രാമപഞ്ചായത്തുകൾ ഇനിയും പദ്ധതികൾ തയ്യാറാക്കി അയയ്ക്കുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 1.4.99-മുതൽ 31.3.2000 വരെ സമയം ലഭിക്കുന്നതാണ്.

(സി)&(ഡി) വിശദ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

126 (1352) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വാഹന സർവ്വീസ് നടത്താൻ അനുമതി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതാതു പ്രദേശത്തുള്ള ജനങ്ങളുടെ യാത്രാദുരിതം പരിഹരിക്കുന്നതിന് വാഹനങ്ങൾ വാങ്ങുവാനും അവ ഗ്രാമീണ റോഡുകളിൽ സർവ്വീസ് നടത്തുവാനും ഉള്ള അധികാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം സംവിധാനം ഉണ്ടായാൽ കേരളത്തിലെ ഗ്രാമീണ മേഖലയിലെ യാത്രക്ലേശം വലിയ ഒരു അളവുവരെ പരിഹരിക്കുവാൻ അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനവും കുറച്ചധികം പേർക്ക് തൊഴിലും നൽകുവാൻ കഴിയും എന്നത് കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനുള്ള അധികാരം നൽകാൻ നടപടിയെടുക്കുമോ;

(സി) വിശദീകരിക്കുമോ?

ഉത്തരം

(എ),(ബി)&(സി) ഇപ്പോൾ പരിഗണനയിലില്ല.

127 (1363) ജീവനക്കാർ ഇല്ലെന്ന പരാതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണപ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൂടുതൽ ജീവനക്കാരെ ഈ സ്ഥാപനങ്ങളിൽ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly